IndusInd Bank

ഇൻഡസ്ഇൻഡ് ബാങ്ക് ഡെബിറ്റ് കാർഡ് ഉപയോഗിക്കുന്നതിനുള്ള നിബന്ധനകൾ

നിബന്ധനകളും വ്യവസ്ഥകളും

പ്രധാനപ്പെട്ടത്: ദയവായി ഇൻഡസ്ഇൻഡ് ബാങ്ക് ലിമിറ്റഡ് (''ബാങ്ക്'') ഡെബിറ്റ് കാർഡ് ഉപയോഗിക്കുന്നതിന് മുമ്പ് ഈ ഡെബിറ്റ് കാർഡ് നിബന്ധനകളും വ്യവസ്ഥകളും നിങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക. ഡെബിറ്റ് കാർഡ് ഉപയോഗിക്കുന്നതിലൂടെ താഴെ പറയുന്ന നിബന്ധനകളും വ്യവസ്ഥകളും നിങ്ങൾ നിരുപാധികം അംഗീകരിക്കുകയും അവ പാലിക്കുന്നതിന് ബാധ്യസ്ഥരായിരിക്കുകയും ചെയ്യുന്നു. കൂടാതെ ബന്ധപ്പെട്ട റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) നിയന്ത്രണങ്ങൾ, ആർബിഐയുടെ എക്സ്ചേഞ്ച് കൺട്രോൾ റെഗുലേഷൻ, ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് 1999 (''ഫെമ''), ആക്ടിന് കീഴിൽ രൂപീകരിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയതോ പരിഷ്കരിച്ചതോ ബാധകമായതോ ആയ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും, നിലവിലുള്ള മറ്റ് അനുബന്ധ നിയമനിർമ്മാണങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്തവും നിങ്ങൾ ഏറ്റെടുക്കുന്നു. നിങ്ങളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട്/കറന്റ് അക്കൗണ്ടുകളുടെ പ്രവർത്തന നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ബാങ്ക് നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകളും പാലിക്കുമെന്ന് നിങ്ങൾ തുടർന്ന് സമ്മതിക്കുന്നു.

നിർവചനങ്ങൾ:

''**കാർഡ്**'' **അല്ലെങ്കിൽ** ''**ഡെബിറ്റ് കാർഡ്**'', എന്നത് കാർഡ് ഉടമയുടെ സമ്മതപ്രകാരം ബാങ്ക് അവർക്ക് നൽകുന്ന ബാങ്കിന്റെ മാസ്റ്റർ കാർഡ്/ വിസ/ റൂപേ ഡെബിറ്റ് കാർഡിനെ സൂചിപ്പിക്കുന്നു. സേവിംഗ്സ്/ കറന്റ് ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുള്ളതും, തിരിച്ചറിയാനുള്ള മാർഗ്ഗങ്ങം അടങ്ങിയതും, നിർദ്ദിഷ്ട നിബന്ധനകംക്കും വ്യവസ്ഥകംക്കും വിധേയമായി പണം പിൻവലിക്കാനും ഓൺലൈൻ പേയ്മെന്റുകം നടത്താനും പിഒഎസ് ടെർമിനൽ / ക്വിക്ക് റെസ് പോൺസ് (ക്യുആർ) കോഡ് ഇടപാടുകം നടത്താനും ഉപയോഗിക്കാവുന്നതുമായ ഭൗതികമോ വെർച്വലോ ആയ ഒരു പേയ്മെന്റ് ഉപകരണമാണ് ഡെബിറ്റ് കാർഡ്.

''**കാർഡ്ഉടമ**'', എന്നത് ഇൻഡസ്ഇൻഡ് ബാങ്ക് ഡെബിറ്റ് കാർഡ് നൽകിയിട്ടുള്ള ബാങ്കിന്റെ ഒരു ഉപഭോക്താവിനെ സൂചിപ്പിക്കുന്നു.

''**അക്കൗണ്ട്(കൾ)**'' എന്നത് ഡെബിറ്റ് കാർഡിന്റെ സാധുവായ പ്രവർത്തനത്തിനായി ബാങ്ക് യോഗ്യമായ അക്കൗണ്ടായി (കളായി) നിശ്ചയിച്ചിട്ടുള്ള കാർഡ് ഉടമയുടെ സേവിംഗ്സ് അല്ലെങ്കിൽ കറന്റ് അക്കൗണ്ടുകളെ സൂചിപ്പിക്കുന്നു.

''**അക്കൗണ്ട് ഉടമ(കൾ)/ ഉപഭോക്താവ്(ക്കൾ)**'' എന്നത് ബാങ്കിൽ സാധുവായ സേവിംഗ്സ് അല്ലെങ്കിൽ കറന്റ് അക്കൗണ്ടുള്ള വ്യക്തികളെ സൂചിപ്പിക്കുന്നു.

''**എടിഎം**'' എന്നത് ഇന്ത്യയിലോ വിദേശത്തോ ഉള്ള ഓട്ടോമേറ്റഡ് ടെല്ലർ മെഷീനെ സൂചിപ്പിക്കുന്നു, അത് ബാങ്കിന്റേതോ അല്ലെങ്കിൽ ഷെയർഡ് നെറ്റ്വർക്കിലുള്ള മറ്റേതെങ്കിലും ബാങ്കിന്റേതോ ആകാം, അവിടെ കാർഡ് ഉടമയ്ക്ക് ബാങ്കിലുള്ള തങ്ങളുടെ അക്കൗണ്ടിലെ (കളിലെ) ഫണ്ട് ഉപയോഗിക്കുന്നതിനായി ഡെബിറ്റ് കാർഡ് ഉപയോഗിക്കാൻ സാധിക്കും.

''**പിൻ**'' എന്നാൽ ബാങ്ക് കാർഡ് ഉടമയ്ക്ക് അനുവദിച്ചതോ അല്ലെങ്കിൽ അദ്ദേഹം സമയാസമയങ്ങളിൽ തിരഞ്ഞെടുത്തതോ ആയ പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ (എടിഎമ്മുകളിൽ നിന്ന് പണം പിൻവലിക്കുന്നതിനും ബാലൻസ് അന്വേഷിക്കുന്നതിനും ഇന്റർനെറ്റ് ബാങ്കിംഗിലും മൊബൈൽ ബാങ്കിംഗിലും അനുവദനീയമായ ഇടപാടുകം നടത്തുന്നതിനും വേണ്ടിയുള്ളത്) എന്നാണ് അർത്ഥമാക്കുന്നത്.

''**മർച്ചന്റ്**'' **അല്ലെങ്കിൽ** ''**മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്**'', എന്നത് ഇൻഡസ്ഇൻഡ് ബാങ്ക് അല്ലെങ്കിൽ മാസ്റ്റർകാർഡ്/വിസ/റൂപേ എന്നിവ പരസ്യം ചെയ്തിട്ടുള്ളതും കാർഡ് സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന എവിടെയുമുള്ള (നേരിട്ടുള്ള/ഓൺലൈൻ) സ്ഥാപനങ്ങളെ അർത്ഥമാക്കുന്നു; ഇതിൽ സ്റ്റോറുകം, ഷോപ്പുകം, റെസ്റ്റോറന്റുകം, എയർലൈൻ സ്ഥാപനങ്ങം തുടങ്ങിയവ ഉൾപ്പെടുന്നു.

''**പോയിന്റ് ഓഫ് സെയിൽ (പിഒഎസ്) ടെർമിനൽ**'', എന്നത് ഇന്ത്യയിലോ വിദേശത്തോ ഉള്ള ഒരു മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിലെ പിഒഎസ് ഇലക്ട്രോണിക് ടെർമിനലുകളെ സൂചിപ്പിക്കുന്നു. കാർഡ് ഇടപാടുകം പ്രോസസ്സ് ചെയ്യാൻ ശേഷിയുള്ള ഇത്തരം ടെർമിനലുകളിൽ കാർഡ് ഉടമയ്ക്ക് ബാങ്കിലെ തന്റെ അക്കൗണ്ടിൽ നിന്ന് പണം ഡെബിറ്റ് ചെയ്യുകൊണ്ട് സാധനങ്ങം വാങ്ങാൻ കാർഡ് ഉപയോഗിക്കാം.

''**ട്രാൻസാക്ഷൻ**'' എന്നത് പണം പിൻവലിക്കൽ, മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ നടത്തിയ വാങ്ങലുകംക്കോ /ലഭിച്ച സേവനങ്ങംക്കോ ഉള്ള പണമടയ്ക്കൽ, എടിഎമ്മുകളിലോ/ മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളിലോ കാർഡ് ഉപയോഗിച്ച് മറ്റ് സേവനങ്ങം പ്രയോജനപ്പെടുത്തൽ എന്നിവയെ സൂചിപ്പിക്കുന്നു.

''**ഇന്റർനാഷണൽ ട്രാൻസാക്ഷൻ**'', എന്നത് കാർഡ് ഉടമ അന്താരാഷ്ട്ര തലത്തിൽ സാധുതയുള്ള തന്റെ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് ഇന്ത്യക്ക് പുറത്തും അന്താരാഷ്ട്ര വെബ്സൈറ്റുകളിലും/ആപ്ലിക്കേഷനുകളിലും നടത്തുന്ന ഇടപാടുകളെ സൂചിപ്പിക്കുന്നു.

''**കോൺടാക്റ്റ്ലെസ്സ് ട്രാൻസാക്ഷൻ**'' എന്നത് മർച്ചന്റ് ഔട്ട്ലെറ്റുകളിൽ എൻഎഫ്സി സൗകര്യമുള്ള പിഒഎസ് ടെർമിനലുകളിൽ കാർഡ് തട്ടിക്കൊണ്ട് (ടാപ്) നടത്തുന്ന പേയ്മെന്റിനെ സൂചിപ്പിക്കുന്നു. ഈ ഇടപാടുകം ഏതൊരു ചിപ്പ്/പിൻ അധിഷ്ഠിത ഇടപാടുകളെയും പോലെ സുരക്ഷിതമാണ്. ഡെബിറ്റ് കാർഡ് നിബന്ധനകളിലും വ്യവസ്ഥകളിലും പരാമർശിച്ചിട്ടുള്ള മറ്റ് എല്ലാ നിബന്ധനകളും എല്ലാ കോൺടാക്റ്റ്ലെസ്സ് ഇടപാടുകംക്കും ബാധകമാണ്.

''**ഫെയ്ൽഡ് ട്രാൻസാക്ഷൻ**'' എന്നത് കമ്മ്യൂണിക്കേഷൻ ലിങ്കുകളിലെ പരാജയം, എടിഎമ്മിൽ പണമില്ലാത്ത അവസ്ഥ, സെഷനുകളുടെ സമയപരിധി കഴിയുക തുടങ്ങിയ ഉപഭോക്താവിന്റെ ഭാഗത്ത് നിന്നല്ലാത്ത ഏതെങ്കിലും കാരണത്താൽ പൂർണ്ണമായി പൂർത്തിയാക്കാൻ കഴിയാത്ത ഇടപാടിനെ സൂചിപ്പിക്കുന്നു.

''**മാസ്റ്റർ കാർഡ്/ വിസ/ റൂപേ**'' എന്നത് വിസ / മാസ്റ്റർകാർഡ് ഇന്റർനാഷണൽ/ എൻപിസിഐ എന്നിവയുടെ ഉടമസ്ഥതയിലുള്ള ചിഹ്നത്തെ സൂചിപ്പിക്കുന്നു.

''**വിസ/ മാസ്റ്റർകാർഡ്/ റൂപേ എടിഎം നെറ്റ്വർക്ക്**'' എന്നത് വിസ/ മാസ്റ്റർകാർഡ്/ റൂപേ എന്നിവ സ്വീകരിക്കുന്നതും വിസ/ മാസ്റ്റർകാർഡ്/ റൂപേ ചിഹ്നങ്ങം പ്രദർശിപ്പിക്കുന്നതുമായ എവിടെയുമുള്ള എടിഎമ്മുകളെ സൂചിപ്പിക്കുന്നു.

''**വെയറബിൾ**'' എന്നത് സ്മാർട്ട് വാച്ചുകം, വാച്ച് ക്ലാസ്പ്, റിസ്റ്റ് ബാൻഡുകം, സ്റ്റിക്കറുകം, കീ ചെയിനുകം എന്നിവയും ബാങ്ക് നൽകുന്ന മറ്റ് രൂപങ്ങളിലുമുള്ള കോൺടാക്റ്റ്ലെസ്സ് വെയറബിം ഉപകരണങ്ങളെ സൂചിപ്പിക്കുന്നു; റെഗുലേറ്റർ/ഉപഭോക്താവ് നിശ്ചയിച്ചിട്ടുള്ള പരിധി വരെ കോൺടാക്റ്റ്ലെസ്സ് ഇടപാടുകം നടത്താൻ ഉപഭോക്താക്കംക്ക് ഈ ഉപകരണങ്ങം ഉപയോഗിക്കാം. പേയ്മെന്റ്/ ബാങ്കിംഗ് ഇടപാടുകം നടത്തുന്നതിനായി ഇവ ഒരു ഡെബിറ്റ് കാർഡിന് പകരമായോ കൂടെയോ ആയി (ഉപഭോക്താവിന്റെ വ്യക്തമായ സമ്മതപ്രകാരം) നൽകാവുന്നതാണ്.

''**ഇൻഡസ് റിവാർഡ്സ്**'' കൂടാതെ/അല്ലെങ്കിൽ ''ഇൻഡി ലോയൽറ്റി പ്രോഗ്രാം'' എന്നത് ഡെബിറ്റ് കാർഡ് ഉപയോഗിച്ചുള്ള വിവിധ തരത്തിലുള്ള ചിലവുകംക്ക് പ്രതിഫലം അഥവാ റിവാർഡ് നൽകുന്ന കാർഡ് ഉടമകംക്കായുള്ള ലോയൽറ്റി പ്രോഗ്രാമിനെ സൂചിപ്പിക്കുന്നു.

1. ഡെബിറ്റ് കാർഡ് യോഗ്യതയും കാർഡ് ഉടമയുമായുള്ള ബന്ധവും

   കാർഡ് നൽകുന്നതും ഉപയോഗിക്കുന്നതും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ), ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ), ബാങ്ക് എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിലവിലുള്ള നിയമങ്ങംക്കും നിയന്ത്രണങ്ങംക്കും വിധേയമായിരിക്കും. ബാങ്ക് അതിന്റെ സേവിംഗ്സ്, കറന്റ് അക്കൗണ്ട് ഉടമകംക്ക് (അനുവദനീയമായ പ്രവർത്തന രീതികംക്ക് വിധേയമായി) അന്താരാഷ്ട്ര ഡെബിറ്റ് കാർഡ് സൗകര്യം നൽകുന്നു. ബാങ്ക് നൽകുന്ന ഡെബിറ്റ് കാർഡ് കടകളിൽ ഷോപ്പിംഗ് നടത്താനും ഓൺലൈൻ ഷോപ്പിംഗിനും പേയ്മെന്റുകംക്കും യൂട്ടിലിറ്റി ബില്ലുകം അടയ്ക്കാനും എസ്ഐപി വഴി നിക്ഷേപം നടത്താനും അല്ലെങ്കിൽ പണം പിൻവലിക്കാനും ഉപയോഗിക്കാം.

   നേരിട്ടോ അല്ലാതെയോ ഉള്ള മോഡലുകം, മുഖാമുഖം അല്ലെങ്കിൽ ഫോൺ അധിഷ്ഠിത മോഡലുകം എന്നിങ്ങനെ വിവിധ ഓൺലൈൻ, ഓഫ് ലൈൻ/ഭൗതിക ചാനലുകം വഴി ഉപഭോക്താവ് അഭ്യർത്ഥിച്ചാൽ മാത്രമേ കാർഡുകം നൽകുകയുള്ളൂ.

   ബാങ്കും കാർഡ് ഉടമയും തമ്മിലുള്ള ബന്ധം കരാർ അടിസ്ഥാനത്തിലുള്ളതാണ്. ഇത്തരത്തിലുള്ള ഡെബിറ്റ് കാർഡുകം സ്വീകരിക്കുന്നതോ ഉപയോഗിക്കുന്നതോ ഡെബിറ്റ് കാർഡ് ഉപയോഗത്തെ നിയന്ത്രിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുന്നതായി കണക്കാക്കപ്പെടുന്നു.

   ഉപഭോക്താവിന് നൽകുന്ന ഡെബിറ്റ് കാർഡ് ബാങ്കിന്റെ സ്വത്താണ്. കൂടാതെ താഴെ പറയുന്ന കാര്യങ്ങംക്കുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്:

   - ഏത് സമയത്തും കാർഡിൽ പുതിയ ആനുകൂല്യങ്ങം ഉംപ്പെടുത്താനോ നിലവിലുള്ള ചില ആനുകൂല്യങ്ങം ഒഴിവാക്കാനോ ഉള്ള അധികാരം. ബാങ്കിന്റെ രേഖകം പ്രകാരം ഉപഭോക്താവിന്റെ അക്കൗണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിലാസം/നമ്പർ/ഇമെയിൽ ഐഡി എന്നിവയിലൂടെ ലഭ്യമായ ഏതെങ്കിലും ചാനൽ വഴി ഉപഭോക്താവിനെ അറിയിക്കാൻ ബാങ്ക് ശ്രമിക്കും;
   - ആർബിഐ മാർഗ്ഗനിർദ്ദേശങ്ങം മുൻനിർത്തി, ഉപഭോക്താവിനെ മുൻകൂട്ടി അറിയിച്ചുകൊണ്ട് ഉപഭോക്താവിന് അനുവദിച്ച കാർഡ് റദ്ദാക്കാനോ നിർത്തലാക്കാനോ ഉള്ള അധികാരം; കൂടാതെ
   - ഉപഭോക്താവിന്റെ സമ്മതപ്രകാരം, മോഷ്ടിക്കപ്പെട്ടതോ നഷ്ടപ്പെട്ടതോ ആയി റിപ്പോർട്ട് ചെയ്ത കാർഡിന് പകരം പുതിയ കാർഡ് നൽകാനുള്ള അധികാരം. ഇത്തരത്തിൽ നൽകുന്ന പകരമുള്ള കാർഡിന് ചാർജുകളുടെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ചാർജുകം ഈടാക്കുന്നതാണ്.

   ഡെബിറ്റ് കാർഡിന്റെ വിഭാഗവും ഫീസും കാർഡ് ബന്ധിപ്പിച്ചിരിക്കുന്ന അക്കൗണ്ടിന്റെ തരത്തിനനുസരിച്ചായിരിക്കും. ഇതിൽ മാറ്റം വരുത്താനുള്ള പൂർണ്ണ അധികാരം ബാങ്കിനായിരിക്കും. സവിശേഷതകളും ആനുകൂല്യങ്ങളും കാർഡിന്റെ തരത്തെയും അക്കൗണ്ട് കൈകാര്യം ചെയ്യുന്ന രീതിയെയും അടിസ്ഥാനമാക്കിയിരിക്കും നിർണ്ണയിക്കുന്നത്. ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം ബാങ്ക് കാർഡിനൊപ്പം അയക്കുന്ന കൊറിയറിൽ പ്രസ്തുത കാർഡിന് ബാധകമായ സവിശേഷതകം വ്യക്തമാക്കുന്ന ഒരു കത്ത് ഉംപ്പെടുത്തിയിരിക്കും. ഓരോ തരം ഡെബിറ്റ് കാർഡിനെക്കുറിച്ചും അവയുടെ ഏറ്റവും പുതിയ സവിശേഷതകം, ആനുകൂല്യങ്ങം, യോഗ്യതാ മാനദണ്ഡങ്ങം എന്നിവയെക്കുറിച്ചും കൂടുതൽ വിവരങ്ങം അറിയുന്നതിന് ഉപഭോക്താവ് ബാങ്ക് വെബ്സൈറ്റ് സന്ദർശിക്കുകയോ ബ്രാഞ്ച്, കോൺടാക്റ്റ് സെന്റർ ഉംപ്പെടെയുള്ള സാധുവായ ആശയവിനിമയ മാർഗങ്ങളിലൂടെ ബാങ്കുമായി ബന്ധപ്പെടുകയോ ചെയ്യേണ്ടതുണ്ട്. ഡെബിറ്റ് കാർഡ് ഒരു സാഹചര്യത്തിലും കാർഡ് ഉടമയ്ക്ക് മറ്റൊരാംക്ക് കൈമാറാനോ അന്യാധീനപ്പെടുത്താനോ സാധ്യമല്ല.

2. **ഉപയോഗ നിബന്ധനകൾ**

   എ) ഇടപാട് യോഗ്യതയും പരിധികളും

   കാർഡ് ഇന്ത്യയിലും (ഡൊമസ്റ്റിക്, ഇന്റർനാഷണൽ കാർഡുകം) വിദേശത്തും (ഇന്റർനാഷണൽ കാർഡുകം മാത്രം) ഉപയോഗിക്കാൻ സാധുതയുള്ളതാണ്. നേപ്പാം, ഭൂട്ടാൻ എന്നിവിടങ്ങളിലെ വിദേശ വിനിമയ ഇടപാടുകംക്ക് കാർഡ് സാധുതയുള്ളതല്ല. ഇൻഡസ്ഇൻഡ് ബാങ്ക് എടിഎമ്മുകം, മാസ്റ്റർകാർഡ്/വിസ/റൂപേ എടിഎം നെറ്റ്വർക്കിൽ അംഗങ്ങളായ മറ്റ് ബാങ്കുകളുടെ എടിഎമ്മുകം, മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളിലെ മാസ്റ്റർകാർഡ്/വിസ/റൂപേ പിഒഎസ് ടെർമിനലുകം എന്നിവിടങ്ങളിൽ ബാങ്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന ഇടപാട് ഓപ്ഷനുകംക്ക് മാത്രമായിരിക്കും കാർഡിന് സാധുതയുണ്ടായിരിക്കുക. മർച്ചന്റ് പിഒഎസിലെ ഏതൊരു ഇടപാടും കാർഡ് പിൻ ഉപയോഗിച്ച് അംഗീകരിക്കേണ്ടതുണ്ട്. പിഒഎസ് ടെർമിനലിൽ നിന്ന് സ്വിപ്പ് ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഇടപാട് പൂർത്തിയായതായി കണക്കാക്കും. ആർബിഐ മാർഗ്ഗനിർദ്ദേശങ്ങം പാലിച്ച്,

ബാങ്ക് നിശ്ചയിച്ചിട്ടുള്ള പരിധി വരെ കാർഡ് പിൻ ഉപയോഗിക്കാതെ തന്നെ കാർഡോ വെയറബിംസ്/മൊബൈൽ ഉപകരണങ്ങം അധിഷ്ഠിത ആപ്ലിക്കേഷനുകം പോലുള്ളവയോ ഉപയോഗിച്ചുള്ള കോൺടാക്റ്റ്ലെസ്സ് ഇടപാടുകം നടത്താം. മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് ആവശ്യപ്പെട്ടാൽ, സ്വയം സാക്ഷ്യപ്പെടുത്തുന്നതിനായി ഉപഭോക്താവ് പിഒഎസ് ടെർമിനലിൽ നിന്ന് ലഭിക്കുന്ന സെയിൽസ് സ്ലിപ്പിൽ ഒപ്പിടണം. മർച്ചന്റ് ഔട്ട്ലെറ്റ് നൽകുന്ന സാധനങ്ങളെയോ സേവനങ്ങളെയോ സംബന്ധിച്ച പ്രശ്നങ്ങംക്ക് (ന്യൂനതകം, ഡെലിവറിയിലെ താമസം, കുറഞ്ഞ ഗുണനിലവാരം എന്നിവ ഉംപ്പെടെയുള്ളവ) ബാങ്ക് ഉത്തരവാദിയല്ല. ഇത്തരം തർക്കങ്ങം മർച്ചന്റും ഉപഭോക്താവും തമ്മിൽ പരിഹരിക്കേണ്ടതാണ്.

കാർഡ് ഉപയോഗിച്ച് ഒരു ദിവസം നടത്താവുന്ന ഏറ്റവും കുറഞ്ഞതും/ കൂടിയതുമായ തുക നിജപ്പെടുത്താനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്. അത്തരം പരിധികം കാർഡ് ഉടമയുടെ അക്കൗണ്ടിലുള്ള ബാലൻസിന് വിധേയമായിരിക്കും. ഇത്തരം ഇടപാട് പരിധികം എല്ലാ എടിഎമ്മുകംക്കും ബാധകമാണ്. ഇത് വിവിധ ബാങ്കുകളുടെ നെറ്റ്വർക്കിലുള്ള വ്യത്യസ്ത എടിഎമ്മുകംക്കും ഓരോ രാജ്യത്തിനും അനുസരിച്ച് മാറാവുന്നതാണ്, മാത്രമല്ല, കാലാകാലങ്ങളിൽ ഭേഗതി വരുത്തുകയും ചെയ്യാം. വിവിധ എടിഎമ്മുകം/നെറ്റ്വർക്കുകം വഴിയുള്ള ഇടപാടുകളുടെ ഈ പരിധികളിലെ ഏകീകരണമില്ലായ്മ കാരണം കാർഡ് ഉടമയ്ക്ക് ഉണ്ടായേക്കാവുന്ന നഷ്ടങ്ങംക്കോ അസൗകര്യങ്ങംക്കോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല. മൈനർമാർക്ക് (10 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക്) നൽകുന്ന ഡെബിറ്റ് കാർഡ് സൗകര്യത്തിന് കാർഡിൽ നിശ്ചിത പിൻവലിക്കൽ പരിധികം ഏർപ്പെടുത്തുന്നതാണ്.

അക്കൗണ്ടിന്റെ തരം, ഉപഭോക്താവിന് നൽകിയിട്ടുള്ള ഡെബിറ്റ് കാർഡ് എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള ഇടപാടുകളുടെ പട്ടികയിൽ ഉംപ്പെടാത്തതോ അല്ലെങ്കിൽ കാർഡിന് ബാധകമായ പരിധികം ലംഘിക്കുന്നതോ ആയ ഏതൊരു ഇടപാടും നിരസിക്കാനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്. ഫെമ നിയമങ്ങം 1999 പ്രകാരം അനുവദനീയമായ കറന്റ് അക്കൗണ്ട് ഇടപാടുകംക്ക് മാത്രമേ അന്താരാഷ്ട്ര ഡെബിറ്റ് കാർഡ് ഉപയോഗിക്കാൻ പാടുള്ളൂ. കൂടാതെ, അത്തരം ഇടപാടുകം ആർബിഐയോ ഭാരത സർക്കാരോ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിയമങ്ങളും /നിയന്ത്രണങ്ങളും പാലിച്ചിരിക്കണം. മേൽപ്പറഞ്ഞ നിയമങ്ങം പാലിക്കാത്തതുമൂലം ഉണ്ടാകുന്ന ഏതൊരു പിഴയ്ക്കും/ നടപടിക്കും ഉപഭോക്താവ് ഉത്തരവാദിയായിരിക്കും.

ലിബറലൈസ്ഡ് റെമിറ്റൻസ് സ്കീം (എൽ ആർഎസ്) പ്രകാരം, ഇന്ത്യയിൽ താമസിക്കുന്ന വ്യക്തികം എൽആർഎസിന് കീഴിലുള്ള ഓരോ പണമയക്കൽ ഇടപാടിനും പെർമനന്റ് അക്കൗണ്ട് നമ്പർ (പാൻ) നൽകേണ്ടത് നിർബന്ധമാണ്. അല്ലാത്തപക്ഷം, ഡെബിറ്റ് കാർഡിലെ അന്താരാഷ്ട്ര ഇടപാട് സൗകര്യം ബാങ്ക് നിർത്തലാക്കുന്നതാണ്.

അനുവദനീയമായ പരിധിക്ക് പുറത്തുള്ളതോ കൂടാതെ/അല്ലെങ്കിൽ ഇന്ത്യയിലോ കാർഡ് ഉപയോഗിക്കുന്ന രാജ്യത്തോ നിലവിലുള്ള നിയമങ്ങളുടെ ലംഘനമായോ ഉള്ള എടിഎം / പിഒഎസ് സൗകര്യങ്ങളുടെ ഏതൊരു ഉപയോഗവും ഉപഭോക്താവിന്റെ മാത്രം റിസ്കിലും ബാധ്യതയിലും ഉത്തരവാദിത്തത്തിലുമായിരിക്കും. അറിഞ്ഞുകൊണ്ടോ അല്ലാതെയോ ചെയ്യുന്ന ഇത്തരം പ്രവൃത്തികംക്കോ വീഴ്ചകംക്കോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

എടിഎമ്മിൽ നിന്ന് പണം പിൻവലിക്കുന്നതിനോ മർച്ചന്റ് പിഒഎസ് വഴിയോ ഓൺലൈനായോ ലഭ്യമായ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ ഇടപാട് നടത്തുന്നതിനോ മുമ്പ് അക്കൗണ്ടിൽ മതിയായ ബാലൻസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്തമാണ്. മതിയായ ബാലൻസ് ഇല്ലാത്തതിനാൽ ഉപഭോക്താവ് നടത്തുന്ന ഏതെങ്കിലും ഇടപാട് ബാങ്ക് അംഗീകരിച്ചില്ലെങ്കിൽ അതിന് ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

എടിഎമ്മുകം, നെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, ചാറ്റ്ബോട്ട്, വോയ്സ് അധിഷ്ഠിത ചാനൽ, ഐവിആർ, മറ്റ് നോൺ–ബ്രാഞ്ച് ഡിജിറ്റൽ (എൻബിഡി) ചാനലുകം എന്നിവയിലൂടെ ഉപഭോക്താക്കളെ തിരിച്ചറിയുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും ഡെബിറ്റ് കാർഡുകം ഉപയോഗിക്കാം. ഒടിപി (വൺടൈം പാസ്വേർഡ്) രജിസ്ട്രേഷൻ, നെറ്റ് ബാങ്കിംഗ് രജിസ്ട്രേഷൻ എന്നിവ ഉപഭോക്താവിന് ലഭ്യമായ അത്തരം ചില സൗകര്യങ്ങളാണ്.

b) വിതരണം ചെയ്യുന്നവ

വെൽക്കം കിറ്റിനൊപ്പമോ അല്ലെങ്കിൽ വെൽക്കം കിറ്റ് അയച്ചതിന് ശേഷമുള്ള മറ്റ് സ്വതന്ത്രമായ തപാൽ വഴിയോ ആണ് ഇവ ഉപഭോക്താക്കംക്ക് അയച്ചുകൊടുക്കുന്നത്. ബാങ്ക് ഡെബിറ്റ് കാർഡ് കൊറിയർ വഴിയോ (അല്ലെങ്കിൽ മറ്റ് ഡെലിവറി മാർഗ്ഗങ്ങം വഴിയോ) അയക്കുന്നതാണ്. ലഭിക്കുന്ന കൊറിയർ പൊട്ടിയതോ /തുറന്നതോ /കേടുപാടുകം സംഭവിച്ചതോ ആയ അവസ്ഥയിലല്ലെന്ന് ഉപഭോക്താവ് ഉറപ്പുവരുത്തണം. കൊറിയർ പാക്കേജ് പൊട്ടിയതോ /തുറന്നതോ /കേടുപാടുകം സംഭവിച്ചതോ ആയ നിലയിലാണ് ലഭിക്കുന്നതെങ്കിൽ, ഉപഭോക്താവ് ഉടൻ തന്നെ അടുത്തുള്ള ബ്രാഞ്ച് സന്ദർശിച്ചോ മൊബൈൽ ബാങ്കിംഗ് വഴിയോ ബാങ്കിനെ അറിയിക്കണം.

കാർഡിന്റെ പാസ്വേഡ് വെൽക്കം കിറ്റിനൊപ്പം അയക്കുന്നതല്ല എന്ന് ഉപഭോക്താക്കം ശ്രദ്ധിക്കുക. ഡെബിറ്റ് കാർഡ് ലഭിച്ചാലുടൻ, പിഒഎസ് ഔട്ട്ലെറ്റുകളിൽ ഉപഭോക്താവിനെ എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി കാർഡിൽ ഒപ്പിടേണ്ടതാണ്. കാർഡിന്റെ ഉപയോഗമോ കൈവശം വെക്കലോ സംബന്ധിച്ചുണ്ടാകുന്ന സാമ്പത്തികമോ അല്ലാതെയോ ഉള്ള ഏതൊരു നഷ്ടവും തന്റെ മാത്രം ഉത്തരവാദിത്തമാണെന്നും ബാങ്ക് ഒരു സാഹചര്യത്തിലും ഇതിന് ബാധ്യസ്ഥരല്ലെന്നും ഉപഭോക്താവ് മനസ്സിലാക്കുന്നു.

ബാങ്കിന്റെ രേഖകം പ്രകാരം ഉപഭോക്താവിന്റെ അക്കൗണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തപാൽ വിലാസം/ ഇമെയിൽ/ മൊബൈൽ നമ്പർ എന്നിവയിലേക്ക് വിതരണം ചെയ്യാനുള്ളവ (ഉദാഃ ഡെബിറ്റ് കാർഡ്/ പിൻ മെയിലർ) പോലുള്ളവയും പ്രധാന അറിയിപ്പുകളും മറ്റ് പ്രസക്തമായ കാര്യങ്ങളും ബാങ്ക് അയച്ചേക്കാം. അതിനാൽ, തപാൽ വിലാസം/ ഇമെയിൽ വിലാസം/ മൊബൈൽ നമ്പർ എന്നിവയിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ ഉപഭോക്താവ് ഉടൻ തന്നെ ബാങ്കിനെ അറിയിക്കണം. വിലാസത്തിലോ ഇമെയിലിലോ മൊബൈൽ നമ്പറിലോ ഉണ്ടായ മാറ്റം അറിയിക്കാത്തത് മൂലം ഇത്തരം സാധനങ്ങം നഷ്ടപ്പെടുകയോ കേടുപാടുകം സംഭവിക്കുകയോ തെറ്റായ വിലാസത്തിൽ എത്തുകയോ ചെയ്യുന്നത് വഴി ഉപഭോക്താവിനുണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ പ്രയാസത്തിനോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

c) കാർഡ്സുരക്ഷ

ആർബിഐ നിർദ്ദേശപ്രകാരം ബാങ്ക് ചിപ്പ് ഘടിപ്പിച്ച ഡെബിറ്റ് കാർഡുകളാണ് നൽകുന്നത്. വിവരങ്ങം സുരക്ഷിതമായി ശേഖരിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നതിലൂടെ ഈ കാർഡുകം കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നു. വ്യാജ കാർഡുകം നിർമ്മിക്കുന്നതിനായി കാർഡിലെ വിവരങ്ങം പകർത്തുന്നത് തടയാൻ ഈ നൂതന സാങ്കേതികവിദ്യ കൂടുതൽ ഫലപ്രദമാണ്.

വിപണിയിലെയും റെഗുലേറ്ററി അതോറിറ്റിയുടെയും ബാങ്കിന്റെയും ബിസിനസ് ആവശ്യങ്ങംക്കനുസരിച്ച്, പിൻ, ഒടിപി അല്ലെങ്കിൽ ബാങ്ക് നിശ്ചയിച്ചിട്ടുള്ള മറ്റ് സുരക്ഷിത മാർഗ്ഗങ്ങം എന്നിങ്ങനെയുള്ള 'ടു ഫാക്ടർ ഓതന്റിക്കേഷൻ' ഉപയോഗിച്ച് ഇടപാടുകം നടത്താൻ കഴിയുന്ന ഡെബിറ്റ് കാർഡുകം ആണ് ഉപഭോക്താക്കംക്ക് നൽകുന്നത്.

ഇടപാടുകം നടത്തുന്നതിനായി കാർഡ് സജീവമാക്കാൻ ഉപഭോക്താക്കം കാർഡ് പിൻ സെറ്റ് ചെയ്യേണ്ടതുണ്ട്. ഇൻഡസ്ഇൻഡ് ബാങ്ക് മൊബൈൽ ബാങ്കിംഗ്/ നെറ്റ് ബാങ്കിംഗ്/ വെബ്സൈറ്റ് എടിഎം അല്ലെങ്കിൽ ഫോൺ ബാങ്കിംഗ് വഴി പിൻ സെറ്റ് ചെയ്യാവുന്നതാണ്. ചില പ്രത്യേക അക്കൗണ്ട് തരങ്ങംക്കോ അല്ലെങ്കിൽ ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരമോ ബാങ്ക് ഫിസിക്കൽ പിൻ അടങ്ങിയ കവർ ഉപഭോക്താവിന് അയച്ചേക്കാം. ഈ സാഹചര്യത്തിൽ കാർഡ് സജീവമാക്കുന്നതിന്, ഉപഭോക്താവിന് ഒന്നുകിൽ പിൻ മാറ്റുകയോ (മൊബൈൽ ബാങ്കിംഗ്/ നെറ്റ് ബാങ്കിംഗ്/ വെബ്സൈറ്റ് എടിഎം അല്ലെങ്കിൽ ഫോൺ ബാങ്കിംഗ് വഴി) അല്ലെങ്കിൽ ലഭിച്ച ഫിസിക്കൽ പിൻ ഉപയോഗിച്ച് എടിഎം/ പിഒഎസ് വഴി ഒരു ഇടപാട് നടത്തുകയോ ചെയ്യാം. തപാൽ വഴി ലഭിക്കുന്ന പിൻ ഉടൻ തന്നെ മാറ്റാൻ ശുപാർശ ചെയ്യുന്നു. ഇ–കൊമേഴ്സ് ഇടപാടുകം അംഗീകരിക്കുന്നതിനുള്ള ഒടിപി ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കാണ് അയക്കുന്നത്.

പിൻ/ ഒടിപി എന്നിവ നൽകുമ്പോം ബാങ്ക് പാലിക്കുന്ന ജാഗ്രതയെക്കുറിച്ച് ഉപഭോക്താക്കളെ അറിയിക്കാൻ ബാങ്ക് ബാധ്യസ്ഥരാണ്. പിൻ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങം കാർഡ് ഉടമയ്ക്കല്ലാതെ മറ്റാർക്കും നൽകുന്നില്ലെന്ന് ബാങ്ക് ഉറപ്പുനൽകുന്നു.

പിൻ/ ഒടിപി ഉപയോഗിച്ച് സാക്ഷ്യപ്പെടുത്തിയ ഏത് ഇടപാടും നടത്താൻ ഉപഭോക്താവ് ബാങ്കിനെ അധികാരപ്പെടുത്തുന്നു. ശരിയായ പിൻ ഉപയോഗിച്ച് ഡെബിറ്റ് കാർഡ് വഴി ആരംഭിക്കുന്ന ഇടപാട് വീണ്ടും സാക്ഷ്യപ്പെടുത്താൻ ബാങ്കിന് ബാധ്യതയില്ല/ ഉത്തരവാദിത്തമില്ല.

ഡെബിറ്റ് കാർഡുകൾ സുരക്ഷിതമാക്കി വയ്ക്കൽ

ഡെബിറ്റ് കാർഡും അതിന്റെ പിൻ, ഒടിപി, കാർഡ് വിവരങ്ങം, ലോഗിൻ വിവരങ്ങം, ഫോൺ ബാങ്കിംഗ് വിവരങ്ങം എന്നിവയുംപ്പെടെയുള്ള രഹസ്യവിവരങ്ങളും ബാങ്കിലെ അക്കൗണ്ട് വഴി സാമ്പത്തിക ഇടപാടുകം നടത്താനുള്ള മാർഗ്ഗങ്ങളാണെന്ന് ഉപഭോക്താക്കം ശ്രദ്ധിക്കണം. മേൽപ്പറഞ്ഞ വിവരങ്ങളുടെയും ബാങ്ക് ഭാവിയിൽ നൽകുന്ന സേവനങ്ങളുടെ രഹസ്യവിവരങ്ങളുടെയും സുരക്ഷിതത്വത്തിനും രഹസ്യാത്മകതയ്ക്കും ഉപഭോക്താവ് മാത്രമായിരിക്കും ഉത്തരവാദി. ഒരു സാഹചര്യത്തിലും ഉപഭോക്താവ് ഈ വിവരങ്ങം മറ്റാർക്കും വെളിപ്പെടുത്താൻ പാടുള്ളതല്ല.

വെൽക്കം കിറ്റിനൊപ്പമോ അല്ലെങ്കിൽ അത് അയച്ചതിന് ശേഷമുള്ള സ്വതന്ത്രമായ തപാൽ വഴിയോ ആണ് ഡെലിവറി ചെയ്യേണ്ട വിവരങ്ങം ഉപഭോക്താക്കംക്ക് അയച്ചുകൊടുക്കുന്നത്. കെവൈസി മാനദണ്ഡങ്ങം പ്രകാരം പരിശോധിച്ച് ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താവിന്റെ വിലാസത്തിലേക്ക് മാത്രമേ ഇവ അയക്കുകയുള്ളൂ എന്ന് ഉപഭോക്താക്കം ശ്രദ്ധിക്കുക.

പരമാവധി സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പാസ്വേർഡ്/ പിൻ വിവരങ്ങം തപാൽ വഴി ആവശ്യപ്പെടുന്നതിനെ ബാങ്ക് പ്രോത്സാഹിപ്പിക്കുന്നില്ല. ഇതിനു പകരമായി, ചില വ്യക്തിഗത വിവരങ്ങം നൽകിക്കൊണ്ട് ഓൺലൈനായോ /എടിഎം വഴിയോ പിൻ ജനറേറ്റ് ചെയ്യാനുള്ള സൗകര്യം ഉപഭോക്താക്കംക്ക് നൽകിയിട്ടുണ്ട്. എന്നിരുന്നാലും, ഉപഭോക്താവിന് തപാൽ വഴി തന്നെ പിൻ ലഭിക്കണമെന്ന് നിർബന്ധമാണെങ്കിൽ, അതിനുശേഷം ഉണ്ടാകാനിടയുള്ള ഏതെങ്കിലും തരത്തിലുള്ള തട്ടിപ്പുകംക്കോ/ ദുരുപയോഗങ്ങംക്കോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല. ഡെബിറ്റ് കാർഡ് ലഭിച്ചാലുടൻ, പിഒഎസ് ഔട്ട്ലെറ്റുകളിൽ ഉപഭോക്താവിനെ എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി കാർഡിൽ ഒപ്പിടേണ്ടതാണ്. പിൻ ഇടയ്ക്കിടെ മാറ്റേണ്ടതാണ്.

ഡെബിറ്റ് കാർഡ് വിവരങ്ങം, പിൻ വിവരങ്ങം, ഒടിപി എന്നിവ കാർഡ് ഉടമയ്ക്ക് മാത്രമേ അറിയാവൂ എന്ന് ഉപഭോക്താക്കം ഉറപ്പുവരുത്തേണ്ടതാണ്. കാർഡ് ഉടമ ഒരു സാഹചര്യത്തിലും ഇത് മറ്റാർക്കും വെളിപ്പെടുത്താൻ പാടുള്ളതല്ല കൂടാതെ പിൻ/ഒടിപി എന്നിവ രഹസ്യമായി സൂക്ഷിക്കാൻ ആവശ്യമായ ജാഗ്രത പാലിക്കുകയും വേണം. അക്കൗണ്ട് ക്ലോസ് ചെയ്യുമ്പോഴോ / കാർഡ് തിരികെ നൽകേണ്ടി വരുമ്പോഴോ, ബാങ്ക് ശാഖയ്ക്കുള്ളിലെ നിയുക്തനായ ബാങ്ക് ഉദ്യോഗസ്ഥനല്ലാതെ മറ്റൊരു വ്യക്തിക്കും ഡെബിറ്റ് കാർഡ് കൈമാറാൻ പാടില്ല.

ഡെബിറ്റ് കാർഡും പിന്നും സുരക്ഷിതമായി സൂക്ഷിക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനാണ്. എടിഎം/ പിഒഎസ് മെഷീനുകളിൽ പിൻ നൽകുമ്പോം അത് മറ്റാരും കാണുന്നില്ലെന്ന് ഉപഭോക്താവ് ഉറപ്പുവരുത്തണം.

ഡെബിറ്റ് കാർഡ് ഉപയോഗിച്ച് ഉപഭോക്താവിന്റെ അക്കൗണ്ടിൽ സാമ്പത്തിക തട്ടിപ്പുകം നടക്കാതിരിക്കാൻ, കാർഡും അതിന്റെ പിൻ നമ്പറും എപ്പോഴും വെവ്വേറെ സൂക്ഷിക്കണമെന്ന് ഉപഭോക്താവിനെ ഉപദേശിക്കുന്നു. കൂടാതെ, പിൻ നമ്പർ മനഃപാഠമാക്കണമെന്നും അത് മറ്റുള്ളവർക്ക് എളുപ്പത്തിൽ ലഭിക്കാവുന്ന വിധത്തിൽ എവിടെയെങ്കിലും എഴുതി വെക്കുകയോ സൂക്ഷിക്കുകയോ ചെയ്യരുതെന്നും, അതുവഴി അക്കൗണ്ടിന്റെ സുരക്ഷ ഉറപ്പാക്കണമെന്നും ഉപഭോക്താവിനെ അറിയിക്കുന്നു.'

'കാർഡ് സുരക്ഷിതമായി സൂക്ഷിക്കാൻ ഉചിതമായ എല്ലാ നടപടികളും സ്വീകരിക്കാൻ കാർഡ് ഉടമ ബാധ്യസ്ഥനാണ്. കൂടാതെ, പിൻ നമ്പർ ഏതെങ്കിലും രൂപത്തിൽ മറ്റൊരാൾക്ക് അത് നേരിട്ടോ അല്ലാതെയോ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിലോ ലഭ്യമാകുന്ന തരത്തിലോ രേഖപ്പെടുത്തി വെക്കാൻ പാടുള്ളതല്ല.

d) ഇടപാട് അറിയിപ്പുകളും മറ്റ് ആശയവിനിമയങ്ങളും

നിയമപരമായ മാർഗ്ഗനിർദ്ദേശങ്ങം പ്രകാരം ഡെബിറ്റ് കാർഡ് ഉപയോഗിച്ച് നടത്തുന്ന ഇടപാടുകംക്ക് ഉപഭോക്താക്കംക്ക് എസ്എംഎസ്, ഇമെയിൽ അറിയിപ്പുകം അയക്കുന്നതാണ്. വാട്സ്ആപ്പ് കൂടാതെ/അല്ലെങ്കിൽ മറ്റ് ഡിജിറ്റൽ ചാനലുകം വഴിയോ ഈ അറിയിപ്പുകം ലഭ്യമാക്കാൻ ബാങ്കിന് സാധിച്ചേക്കാം. കൂടാതെ, ഡെബിറ്റ് കാർഡുമായി ബന്ധപ്പെട്ട മറ്റ് അറിയിപ്പുകം/ആശയവിനിമയങ്ങം ബാങ്ക് രേഖകളിലുള്ള ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കും - ഇമെയിൽ ഐഡിയിലേക്കും അയച്ചേക്കാം. ഇമെയിൽ ഐഡി/ മൊബൈൽ നമ്പറിലുണ്ടായ മാറ്റം ഉപഭോക്താവ് അറിയിക്കാത്തത് കാരണം ഇത്തരം അറിയിപ്പുകം നഷ്ടപ്പെടുകയോ/ കേടുപാടുകം സംഭവിക്കുകയോ/ പരാജയപ്പെടുകയോ/ തെറ്റായ വിലാസത്തിൽ ലഭിക്കുകയോ ചെയ്യുന്നത് വഴി ഉപഭോക്താവിനുണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ/ പ്രയാസത്തിനോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

ഡെബിറ്റ് കാർഡിൽ നടന്ന ഇടപാടുകളുടെ ചരിത്രം അറിയാൻ ഉപഭോക്താവിന് ഫോൺ ബാങ്കിംഗ് സൗകര്യമോ അല്ലെങ്കിൽ ബാങ്കിന്റെ ഇന്റർനെറ്റ്/ മൊബൈൽ ബാങ്കിംഗോ ഉപയോഗിക്കാവുന്നതാണ്. സ്റ്റേറ്റ്മെന്റിൽ ഏതെങ്കിലും പിശകുകം/ ക്രമക്കേടുകം ശ്രദ്ധയിൽപെട്ടാൽ 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉപഭോക്താവ് ഉറപ്പുവരുത്തണം. 15 ദിവസത്തിനുള്ളിൽ ഉപഭോക്താവ് മറുപടി നൽകിയില്ലെങ്കിൽ, സ്റ്റേറ്റ്മെന്റ് വസ്തുതാപരമായി ശരിയാണെന്ന് ബാങ്ക് കണക്കാക്കും.

e) കാർഡ് നഷ്ടപ്പെടൽ / തട്ടിപ്പ്

താഴെ പറയുന്നവയിൽ ഏതെങ്കിലും സംഭവിക്കുകയാണെങ്കിൽ ബാങ്കിനെ അറിയിക്കാൻ ഉപഭോക്താവിനോട് നിർദ്ദേശിക്കുന്നു:–

എ. കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്യുക, അല്ലെങ്കിൽ കാർഡിലെ വിവരങ്ങം ചോർത്തപ്പെട്ടതായോ പകർത്തപ്പെട്ടതായോ അറിയുക;

ബി. ഉപഭോക്താവിന്റെ അക്കൗണ്ടിൽ ഒരു അനധികൃത ഇടപാട് നടന്നതായി അറിയുക.

ഇത്തരം സാഹചര്യങ്ങം റിപ്പോർട്ട് ചെയ്യുന്നതിനായി ഉപഭോക്താവ് ഉടൻ തന്നെ ബാങ്കിനെ (ഫോൺ ബാങ്കിംഗ് വഴിയോ, അടുത്തുള്ള ബ്രാഞ്ച് സന്ദർശിച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും സാധുവായ ആശയവിനിമയ മാർഗ്ഗത്തിലൂടെയോ) അറിയിക്കേണ്ടതുണ്ട്.

കാർഡ് സേവനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ംക്കായി ഉപഭോക്താവിന് താഴെ പറയുന്ന മാർഗ്ഗങ്ം ലഭ്യമാണ്:–

ധ. ബ്രാഞ്ചുകം: പരാതി നൽകുന്നതിനോ അല്ലെങ്കിൽ നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട കാർഡ് ബ്ലോക്ക് ചെയ്യാൻ അഭ്യർത്ഥിക്കുന്നതിനോ കാർഡ് ഉടമയ്ക്ക് ഏത് ബാങ്ക് ബ്രാഞ്ചിലും ചെല്ലാവുന്നതാണ്.

ധധ. കോൺടാക്റ്റ് സെന്റർ: ബാങ്കിന് ടോം ഫ്രീ നമ്പറുകളും അല്ലാത്തവയും ഉള്ള 24ഷ7 പ്രവർത്തിക്കുന്ന കോം സെന്ററുകം ഉണ്ട്. ഉപഭോക്താവിന് പകലോ രാത്രിയോ ഏത് സമയത്തും ബാങ്കിനെ വിളിച്ച് പരാതി നൽകുകയോ അഭ്യർത്ഥന നടത്തുകയോ ചെയ്യാം. നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട കാർഡ് ഓൺലൈനായി ബ്ലോക്ക് ചെയ്യാനുള്ള സൗകര്യവും ഇവിടെ ലഭ്യമാണ്.

ധധധ. ഇൻഡസ്ഇൻഡ് ബാങ്ക് നെറ്റ് ബാങ്കിംഗ് / ഇൻഡസ്ഇൻഡ് ബാങ്ക് മൊബൈൽ ബാങ്കിംഗ്: ഡെബിറ്റ് കാർഡ് ബ്ലോക്ക് ചെയ്യാനും, പുതിയ കാർഡിനായി അപേക്ഷിക്കാനും, ഇടപാട് പരിധികം നിയന്ത്രിക്കാനും മറ്റും ഉപഭോക്താക്കംക്ക് ഡിജിറ്റൽ ചാനലുകം ഉപയോഗിക്കാം.

ധവ. എസ്എംഎസ് സേവനം: ഡെബിറ്റ് കാർഡുകം ബ്ലോക്ക് ചെയ്യുന്നതിന് ഉപഭോക്താക്കംക്ക് എസ്എംഎസ് സേവനങ്ങളും ഉപയോഗിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങം ബാങ്ക് വെബ്സൈറ്റിലെ 'കാർഡ്സ്' വിഭാഗത്തിന് കീഴിലുള്ള ഡെബിറ്റ് കാർഡ് പേജിലെ എഫ്.എ.ക്യു ഭാഗത്ത് കാണാവുന്നതാണ്. കാർഡ് നഷ്ടപ്പെടുകയോ തെറ്റായ കൈകളിൽ എത്തുകയോ ചെയ്യുന്നത് മൂലമോ, അല്ലെങ്കിൽ കാർഡ് നഷ്ടപ്പെട്ടതായോ /മോഷ്ടിക്കപ്പെട്ടതായോ ഉപഭോക്താവ് റിപ്പോർട്ട് ചെയ്യുന്നതിന് മുൻപ് നടക്കുന്ന ഏതെങ്കിലും തരത്തിലുള്ള തട്ടിപ്പ് ഇടപാടുകം‌ംക്കോ/ ദുരുപയോഗങ്ങം‌ംക്കോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

തന്റെ ഡെബിറ്റ് കാർഡ് നഷ്ടപ്പെട്ടതായോ, മോഷ്ടിക്കപ്പെട്ടതായോ അല്ലെങ്കിൽ മെഷീൻ പിടിച്ചെടുത്തതായോ ഉപഭോക്താവ് ബാങ്കിനെ അറിയിക്കുകയാണെങ്കിൽ, ബാങ്ക് പുതിയൊരു കാർഡ് നൽകുകയും (ബാധകമായ നിരക്കുകളോടെ) അത് ബാങ്ക് രേഖകളിലുള്ള ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത വിലാസത്തിലേക്ക് അയക്കുകയും ചെയ്യും.

f) എഫ്റദ്ദാക്കൽ

ഡെബിറ്റ് കാർഡ് റദ്ദാക്കുന്നതിനായി ഉപഭോക്താവിന് ബാങ്കിന് രേഖാമൂലം അപേക്ഷ നൽകാവുന്നതാണ്. റദ്ദാക്കൽ അപേക്ഷ ഉപഭോക്താവിൽ നിന്ന് ബാങ്കിന് ലഭിക്കുന്ന സമയത്ത് ഡെബിറ്റ് കാർഡിൽ നിലവിലുള്ള ബാധ്യതകം തീർക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനായിരിക്കും. ഉപഭോക്താവ് ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ടിലെ ക്രെഡിറ്റിൽ നിന്നും കുടിശ്ശികയുള്ള തുക ഈടാക്കാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും.

കാർഡ് തിരികെ നൽകുമ്പോഴോ/ റദ്ദാക്കുമ്പോഴോ/ ഹോട്ട്ലിസ്റ്റ് ചെയ്യുമ്പോഴോ കാർഡിലെ മാഗ്നറ്റിക് സ്ട്രിപ്പും ചിപ്പും മുറിഞ്ഞുപോകുന്ന രീതിയിൽ അത് രണ്ടായി മുറിച്ച് ഉപഭോക്താവ് കാർഡ് നശിപ്പിക്കേണ്ടതാണ്.

അക്കൗണ്ട് അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ, ഉപഭോക്താവ് എടിഎം/ഡെബിറ്റ് കാർഡ് ബാങ്കിന് തിരികെ നൽകണം. ഇത്തരം കാർഡുകം നഷ്ടപ്പെടുന്നത് മൂലം ഉപഭോക്താക്കംക്ക് പുതുക്കിയ ഡെബിറ്റ് കാർഡ് അയച്ചു നൽകുന്നതാണ്. പുതുക്കിയ കാർഡ് അയക്കുന്നതിന് മുൻപ് ഉപഭോക്താക്കളെ വിവരം അറിയിക്കും, ഉപഭോക്താവിന് ഇത് നിരസിക്കാനുള്ള ഓപ്ഷനും ഉണ്ടായിരിക്കും.

പുതിയതായി ഇഷ്യൂ ചെയ്യുന്നതോ അല്ലെങ്കിൽ വീണ്ടും ഇഷ്യൂ ചെയ്യുന്നതോ ആയ എല്ലാ കാർഡുകളും ഇന്ത്യയ്ക്കുള്ളിലെ കോൺടാക്റ്റ് അധിഷ്ഠിത ഉപയോഗ കേന്ദ്രങ്ങളിൽ (എടിഎം, പിഒഎസ് അഥവാ പോയിന്റ് ഓഫ് സെയിൽ ഉപകരണങ്ങം) മാത്രമേ ഉപയോഗിക്കാൻ സാധിക്കൂ. ബാങ്കിന്റെ നെറ്റ് ബാങ്കിംഗ് / മൊബൈൽ ബാങ്കിംഗ് എന്നിവയിലൂടെ എടിഎം / പിഒഎസ് / ഇ–കൊമേഴ്സ് / കോൺടാക്റ്റ്ലെസ്സ് എന്നിവയിലെ ആഭ്യന്തര, അന്തർദേശീയ ഇടപാട് പരിധികം മാറ്റം വരുത്തിക്കൊണ്ട് ഉപഭോക്താവിന് ഏത് സമയത്തും തന്റെ താൽപ്പര്യത്തിനനുസരിച്ച് ഇടപാട് പരിധികം നിയന്ത്രിക്കാൻ സാധിക്കും.

എൻആർഒ ഉപഭോക്താക്കംക്ക് ഡെബിറ്റ് കാർഡുകം ആഭ്യന്തര ഇടപാടുകംക്ക് മാത്രമായാണ് നൽകുന്നത്, അതിനാൽ അന്താരാഷ്ട്ര ഇടപാട് പരിധികം പ്രവർത്തനക്ഷമമാക്കാൻ സാധിക്കില്ല.

h) സവിശേഷതകളും ഫീസും:

• ഫീസ്:

എടിഎം/ പിഒഎസ്/ മറ്റ് ഉപകരണങ്ങളിൽ കാർഡ് ഉപയോഗിക്കുന്നത് അതാത് അക്കൗണ്ടുകളിൽ സർവീസ് ചാർജ്ജ് ഒപ്പം/അല്ലെങ്കിൽ ട്രാൻസാക്ഷൻ ഫീ ഒപ്പം/അല്ലെങ്കിൽ പ്രോസസ്സിംഗ് ഒപ്പം/അല്ലെങ്കിൽ കൺവേർഷൻ ഫീ ഈടാക്കുന്നതിന് കാരണമായേക്കാം. കാർഡിലെ ഇടപാടുകം‌ംക്കായി ഈടാക്കുന്ന ഏതൊരു ചാർജുകളും/ഫീസുകളും അതാത് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുന്നതാണ്, ഇവ അടയ്ക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ഉപഭോക്താവിനായിരിക്കും.

ഡെബിറ്റ് കാർഡ് നൽകുന്നതിനും, ഉപയോഗിക്കുന്നതിനും, പകരം കാർഡ് നൽകുന്നതിനും, ബ്ലോക്ക് ചെയ്യുന്നതിനും മറ്റുമുള്ള ഫീസുകം/ചാർജുകം ബാങ്ക് വെബ്സൈറ്റിൽ ലഭ്യമായ 'ചാർജുകളുടെ പട്ടിക' പ്രകാരമായിരിക്കും.

• റിവാർഡ് പ്രോഗ്രാം

ബാങ്കിന്റെ ഡെബിറ്റ് കാർഡ് കൈവശമുള്ള ഉപഭോക്താക്കം‌ംക്കായുള്ള സവിശേഷമായ ഒരു റിവാർഡ് പ്രോഗ്രാമാണ് ഇൻഡസ് റിവാർഡ്സ് ഒപ്പം/അല്ലെങ്കിൽ ഇൻഡി ലോയൽറ്റി പ്രോഗ്രാമുകം.

ഈ പ്രോഗ്രാമിന് കീഴിൽ, ഡെബിറ്റ് കാർഡ് ഇടപാടുകളിലൂടെ ഉപഭോക്താക്കംക്ക് റിവാർഡ് പോയിന്റുകം/ഇൻഡി ജെംസുകം ശേഖരിക്കാം. ഇത്തരം പോയിന്റുകളുടെ കാലാവധി കഴിയുന്നതിന് മുൻപ്, ഉപഭോക്താവിന്റെ കൈവശമുള്ള ഡെബിറ്റ് കാർഡിന്റെ തരം അനുസരിച്ച് അവ അക്കൗണ്ടിലേക്ക് ക്യാഷ്ബാക്ക് ആയോ അല്ലെങ്കിൽ കാറ്റലോഗ് റിഡംപ്ഷൻ വഴിയോ മാറ്റിയെടുക്കാവുന്നതാണ്.

ഉപഭോക്താവ് നടത്തുന്ന എല്ലാ ഇടപാടുകളും ഇൻഡസ് റിവാർഡ്സ് പ്രോഗ്രാമിനോ ഇൻഡി ലോയൽറ്റി പ്രോഗ്രാമിനോ കീഴിലുള്ള ആനുകൂല്യങ്ങം‌ംക്ക് അർഹമാകില്ല. ആനുകൂല്യങ്ങം‌ംക്ക് അർഹമായ ഇടപാടുകളുടെ പട്ടിക ബാങ്കിന്റെ വെബ്സൈറ്റിൽ നിന്നോ, മൊബൈൽ ബാങ്കിംഗ് വഴിയോ, ബാങ്കിന്റെ ഏതെങ്കിലും ശാഖ നേരിട്ട് സന്ദർശിച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും ഔദ്യോഗിക ആശയവിനിമയ മാർഗങ്ങളിലൂടെയോ ഉപഭോക്താക്കം‌ംക്ക് പരിശോധിക്കേണ്ടതാണ്.

ഇൻഡസ് റിവാർഡ്സ് അല്ലെങ്കിൽ ഇൻഡി ലോയൽറ്റി പ്രോഗ്രാമിലൂടെ ലഭിക്കുന്ന റിവാർഡ് പോയിന്റുകം ബാങ്കിന്റെ റിവാർഡ് റിഡംപ്ഷൻ പോളിസി അനുസരിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്. ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിശ്ചിത എണ്ണം റിവാർഡ് പോയിന്റുകം ശേഖരിച്ചാൽ മാത്രമേ ഉപഭോക്താക്കം‌ംക്ക് അവ റിഡീം ചെയ്യാൻ സാധിക്കൂ.

റിവാർഡ് പോയിന്റുകൾ ശേഖരിക്കുന്നതിലോ ഉപയോഗിക്കുന്നതിലോ, ക്യാഷ് ബാക്ക് അർഹതയിലോ അതിന്റെ തുകയിലോ, അല്ലെങ്കിൽ ക്യാഷ് ബാക്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സമയത്തിലോ എന്തെങ്കിലും തർക്കങ്ങളോ പൊരുത്തക്കേടുകളോ ഉണ്ടായാൽ ബാങ്ക് എടുക്കുന്ന തീരുമാനം അന്തിമവും പാലിക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനുമായിരിക്കും.

റിവാർഡ് പ്രോഗ്രാമുകളും മറ്റ് പ്രൊമോഷണൽ പ്രവർത്തനങ്ങളും നിശ്ചിത സമയപരിധിയുള്ളവയാണ്, കൂടാതെ ഉപഭോക്താവിനെ മുൻകൂട്ടി അറിയിക്കാതെ തന്നെ ഏത് സമയത്തും ഇവ നിർത്തലാക്കാൻ ബാങ്കിന് അധികാരമുണ്ടായിരിക്കും

• ഇൻഷുറൻസ്:

കാർഡിന്റെ തരം അനുസരിച്ച് ഡെബിറ്റ് കാർഡിനൊപ്പം ഉപഭോക്താവിന് ഒരു ഇൻഷുറൻസ് പരിരക്ഷയും (സൗജന്യമായതോ നിരക്കോടുകൂടിയതോ) ലഭിച്ചേക്കാം. അതത് ഇൻഷുറൻസ് പരിരക്ഷകൾക്ക് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, കാർഡ് നഷ്ടപ്പെട്ടാലുള്ള ബാധ്യത, പർച്ചേസ് പ്രൊട്ടക്ഷൻ, വ്യക്തിഗത അപകട മരണം, വിമാനാപകട ഇൻഷുറൻസ്, ചെക്ക്–ഇൻ ചെയ്ത ബാഗേജ് വൈകൽ, എടിഎം ആക്രമണ ഇൻഷുറൻസ്, ഓൺലൈൻ തട്ടിപ്പ് സംരക്ഷണ ഇൻഷുറൻസ് തുടങ്ങിയവ ഇതിൽ ഉൾപ്പെട്ടേക്കാം. ബാങ്ക് നൽകുന്ന ഇൻഷുറൻസ് പരിരക്ഷയ്ക്ക് ബാധകമായ നിബന്ധനകളും വ്യവസ്ഥകളും പാലിച്ചാൽ മാത്രമേ ആനുകൂല്യങ്ങൾ ക്ലെയിം ചെയ്യാൻ ഉപഭോക്താക്കൾക്ക് അർഹതയുണ്ടാവൂ.

കാർഡിന്റെ തരം, അക്കൗണ്ട്, ഉപയോഗം എന്നിവയെ അടിസ്ഥാനമാക്കി ഇൻഷുറൻസ് തുകയിൽ മാറ്റം വരാം. ഇത്തരം ഇൻഷുറൻസുകളുടെ നിബന്ധനകളിലും വ്യവസ്ഥകളിലും കാലാകാലങ്ങളിൽ മാറ്റം വരുത്താനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്. ഏറ്റവും പുതിയ ഇൻഷുറൻസ് വിവരങ്ങൾക്കും, നിബന്ധനകൾക്കും, ക്ലെയിം ചെയ്യുന്ന രീതിക്കും രേഖകൾ സമർപ്പിക്കേണ്ട പ്രക്രിയയ്ക്കും ഉപഭോക്താക്കൾ ബാങ്കിന്റെ വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. ഇതിനായുള്ള വിവരങ്ങൾ

https://www.indusind.com/in/en/personal/insurance-on-card.html എന്ന ലിങ്കിൽ ലഭ്യമാണ്. നോമിനി വിവരങ്ങൾ ആവശ്യമുള്ള വ്യക്തിഗത അപകട മരണം, വിമാനാപകട ഇൻഷുറൻസ് തുടങ്ങിയ ക്ലെയിമുകളുടെ കാര്യത്തിൽ, ഡെബിറ്റ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള അക്കൗണ്ടിൽ ലഭ്യമായ 'വ്യക്തിഗത ഉപഭോക്താക്കളുടെ' നോമിനി വിവരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അക്കൗണ്ടിൽ നോമിനി വിവരങ്ങൾ ലഭ്യമല്ലെങ്കിൽ, ഇൻഷുറൻസ് കമ്പനി നിർദ്ദേശിക്കുന്ന രേഖകളും നടപടിക്രമങ്ങളും പാലിച്ച് 'വ്യക്തിഗത ഉപഭോക്താവിന്റെ' നിയമപരമായ അവകാശികൾക്ക് ക്ലെയിം നടപടികൾ ആരംഭിക്കാവുന്നതാണ്. സ്ഥാപനങ്ങൾ, കമ്പനികൾ തുടങ്ങിയ വ്യക്തിഗതമല്ലാത്ത അക്കൗണ്ടുകളുടെ കാര്യത്തിൽ നോമിനി വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, നോമിനി വിവരങ്ങൾ ആവശ്യമുള്ള ഇൻഷുറൻസ് പരിരക്ഷകൾ ഇത്തരം ഡെബിറ്റ് കാർഡുകൾക്ക് ബാധകമായിരിക്കില്ല. ഇൻഷുറൻസ് ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ ഓരോ സ്റ്റേറ്റ്മെന്റിലും മറ്റ് വിവരങ്ങൾക്കൊപ്പം ഉൾപ്പെടുത്തുന്നതാണ്.ർ

• ആഡ്–ഓൺ കാർഡുകൾ

ഉൽപ്പന്നത്തിന്റെ സവിശേഷതകൾ അനുസരിച്ച്, നിലവിലുള്ള സേവിംഗ്സ് അക്കൗണ്ടിന്മേൽ ആഡ്–ഓൺ ഡെബിറ്റ് കാർഡുകൾ ലഭിക്കാൻ ഉപഭോക്താക്കൾക്ക് അർഹതയുണ്ട്. ഇത്തരം ആഡ്–ഓൺ കാർഡുകളുടെ ഉപയോഗം ഉപഭോക്താവിന്റെ മാത്രം ഉത്തരവാദിത്തവും ബാധ്യതയുമാണ്; ബാങ്ക് ഈ സൗകര്യം ഒരു ഓപ്ഷനായി മാത്രമേ നൽകുന്നുള്ളൂ. ആഡ്–ഓൺ ഡെബിറ്റ് കാർഡിന്റെ പരിധികൾ, നിരക്കുകൾ, സവിശേഷതകൾ എന്നിവ ആ കാർഡിന്റെ തരത്തെ അടിസ്ഥാനമാക്കിയായിരിക്കും, അല്ലാതെ പ്രൈമറി അക്കൗണ്ട് ഉടമയ്ക്ക് നൽകിയിട്ടുള്ള ഡെബിറ്റ് കാർഡിനെ ആശ്രയിച്ചായിരിക്കില്ല.

l) വിവരങ്ങൾ പങ്കുവെക്കൽ/വെളിപ്പെടുത്തൽ

ബാങ്ക് ഡെബിറ്റ് കാർഡ് സ്വീകരിക്കുന്നതിലൂടെയും ഉപയോഗിക്കുന്നതിലൂടെയും, ഉപഭോക്താവ് സ്വമേധയാ രജിസ്റ്റർ ചെയ്തതോ/പങ്കുവെച്ചതോ ആയ അല്ലെങ്കിൽ ഭാവിയിൽ എപ്പോൾ വേണമെങ്കിലും ബാങ്കുമായി പങ്കുവെക്കാൻ സാധ്യതയുള്ളതോ ആയ വിവരങ്ങളും ഒപ്പം/അല്ലെങ്കിൽ രേഖകളും കാലാകാലങ്ങളിൽ ഉപയോഗിക്കാനും, പങ്കുവെക്കാനും, വെളിപ്പെടുത്താനും ബാങ്കിനെ ഉപഭോക്താവ് ഇതിനാൽ അംഗീകരിക്കുകയും, അധികാരം നൽകുകയും, സ്ഥിരീകരിക്കുകയും, അനുവദിക്കുകയും ചെയ്യുന്നു. ഇതിൽ ഉപഭോക്താവിന്റെ രജിസ്റ്റർ ചെയ്ത ആശയവിനിമയ വിലാസങ്ങൾ/വിവരങ്ങൾ (തപാൽ വിലാസം, ഇ–മെയിൽ, മൊബൈൽ നമ്പർ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ/ചാനലുകൾ തുടങ്ങിയവ) ഉൾപ്പെടുന്നു, എന്നാൽ ഇവയിൽ മാത്രം പരിമിതമല്ല.

1.ബാങ്കിന്റെ ഏതെങ്കിലും മാതൃസ്ഥാപനം/സബ്സിഡിയറി/അഫിലിയേറ്റ്/അസോസിയേറ്റ്;

2.റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ)/ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസ് സെന്റർ (ഐ എഫ്എസ്സി);

3.ഭാരത സർക്കാരിന്റെ അംഗീകൃത പ്രതിനിധി/ബോഡി;

4 കോടതികൾ/അന്വേഷണ ഏജൻസികൾ;

5 സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി);

6.സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ അംഗീകൃത പ്രതിനിധികൾ;

7 ഓഡിറ്റർമാരും പ്രൊഫഷണൽ ഉപദേശകരും;

8.ബാങ്ക് ചുമതലപ്പെടുത്തിയ ഏതെങ്കിലും മൂന്നാം കക്ഷികൾ, ഏജന്റുമാർ/സേവന ദാതാക്കൾ/പ്രൊഫഷണൽ ഉപദേശകർ; ഇത്തരം വിവരങ്ങൾ ലഭിക്കാൻ അർഹതയുള്ള മറ്റേതെങ്കിലും നിയമപരമായ സ്ഥാപനം/അംഗീകൃത വ്യക്തി;

9. സിബിൽ ഉൾപ്പെടെയുള്ള ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോകൾ; ഒപ്പം

10. ബാങ്ക് വിവരങ്ങൾ പങ്കുവെക്കാൻ ബാധ്യസ്ഥരായ മറ്റേതൊരു സ്ഥാപനവും.

മേൽപ്പറഞ്ഞ വിവരങ്ങൾ താഴെ പറയുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി ബാങ്കിന് പങ്കുവെക്കാവുന്നതാണ്:

1.ഉപഭോക്താവിന്റെ അക്കൗണ്ട് പ്രവർത്തനങ്ങളുമായോ ബാങ്കിൽ നിന്ന് ഉപഭോക്താവ് സ്വീകരിച്ചിട്ടുള്ള സേവനങ്ങളുമായോ ബന്ധപ്പെട്ട വിവരങ്ങൾ ബാങ്കിൽ നിന്നോ, സെൻട്രൽ കെവൈസി രജിസ്ട്രിയിൽ നിന്നോ, ഒപ്പം/അല്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത സേവന ദാതാക്കൾ / ഏജൻസി(കൾ) / പ്രൊഫഷണൽ ഉപദേശകർ എന്നിവരിലൂടെയോ സ്വീകരിക്കുന്നതിന്; ഒപ്പം/അല്ലെങ്കിൽ

2 ബാങ്കിന്റെ വെബ് ആപ്ലിക്കേഷനുകൾ/സിസ്റ്റങ്ങൾ എന്നിവയിലൂടെ ഉപഭോക്താക്കളുടെ ബാങ്കിംഗ് അഭ്യർത്ഥനകൾ/അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് ഉപഭോക്താവിന്റെ വിവരങ്ങൾ സ്വയമേവ ശേഖരിക്കുന്ന എപിഐ അധിഷ്ഠിത ആധികാരികത ഉറപ്പാക്കലിന്; ഒപ്പം/അല്ലെങ്കിൽ

3 ബാങ്കിന്റെ ഉൽപ്പന്നങ്ങളെ/സേവനങ്ങളെക്കുറിച്ചുള്ള പ്രമോഷണൽ/ഗവേഷണ/ഫീഡ്ബാക്ക് അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി; ഇത് പൊതുവായ അറിവിനായോ അല്ലെങ്കിൽ ബാങ്കിന്റെ നിലവിലുള്ള ഉപഭോക്താവ് എന്ന നിലയിൽ ഫീഡ്ബാക്ക് നൽകുന്നതിനോ ഉപഭോക്താവിനെ അറിയിക്കാവുന്നതാണ്/ അറിയിക്കേണ്ടതാണ്. ബാങ്കിന്റെ നിശ്ചിത നടപടിക്രമങ്ങൾ അനുസരിച്ച് തന്റെ രജിസ്റ്റർ ചെയ്ത ഏതെങ്കിലും/ എല്ലാ ആശയവിനിമയ വിലാസങ്ങളിലേക്ക്/വിവരങ്ങളിലേക്ക് ഇത്തരം സന്ദേശങ്ങൾ അയക്കുന്നത് നിർത്താൻ ഉപഭോക്താവ് ആവശ്യപ്പെടുന്നത് വരെ ഇത് തുടരാവുന്നതാണ്. ഉപഭോക്താവ് നൽകുന്ന എല്ലാ ആശയവിനിമയ വിവരങ്ങളുടെയും സുരക്ഷയും രഹസ്യാത്മകതയും ബാങ്ക് ഉറപ്പാക്കുന്നതാണ്. ഉപഭോക്താവ് ഒരു പ്രവാസി ഇന്ത്യക്കാരനോ (എൻ ആർ ഐ) വിദേശ പൗരനോ ആണെങ്കിലോ അല്ലെങ്കിൽ ഭാവിയിൽ അങ്ങനെ ആകുകയാണെങ്കിലോ, ഈ സമ്മതം ഒരു പ്രവാസി എന്ന നിലയിലുള്ള തന്റെ അധികാരപരിധിയിൽ നിന്നുകൊണ്ടുള്ളതാണെന്നും, ഇത് താൻ താമസിക്കുന്ന രാജ്യത്തെ ബാധകമായ നിയമങ്ങളുടെയോ ചട്ടങ്ങളുടെയോ ലംഘനമല്ലെന്നും ഉപഭോക്താവ് സ്ഥിരീകരിക്കുന്നു

ബാങ്കിന് ലഭ്യമായ ഏതൊരു സ്രോതസ്സുകളിലൂടെയും ഉപഭോക്താവിനെക്കുറിച്ചോ അവരുടെ അക്കൗണ്ടുകളെക്കുറിച്ചോ/സാമ്പത്തിക സ്ഥിതിയെക്കുറിച്ചോ ബാങ്കിന് ഉചിതമെന്ന് തോന്നുന്ന മറ്റേതൊരു വിവരങ്ങളോ ശേഖരിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

j) എടിഎം ഇടപാടുകളുമായി ബന്ധപ്പെട്ട തർക്കങ്ങൾ

എടിഎം ഇടപാടുകൾക്കായി തന്റെ അക്കൗണ്ടിൽ നിന്ന് തെറ്റായ തുക ഡെബിറ്റ് ചെയ്തതായി കാർഡ് ഉടമയുടെ ശ്രദ്ധയിൽപ്പെട്ടാൽ, ഉടൻ തന്നെ ബാങ്കിൽ പരാതിപ്പെടാൻ നിർദ്ദേശിക്കുന്നു. ബാങ്ക് ഇത് അന്വേഷിക്കുകയും അതിന്റെ കണ്ടെത്തലുകൾ കാർഡ് ഉടമയെ അറിയിക്കുകയും ചെയ്യും; ബാങ്കിന്റെ തീരുമാനം അന്തിമവും പാലിക്കാൻ കാർഡ് ഉടമ ബാധ്യസ്ഥനുമായിരിക്കും. ഇടപാടുകളുമായി ബന്ധപ്പെട്ട എന്തെങ്കിലും തർക്കങ്ങൾ അത്തരം തർക്കമുള്ള ഇടപാട് നടന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

എടിഎമ്മിൽ നിന്ന് കാർഡ് ഉടമയ്ക്ക് വികൃതമായതോ/ കീറിയതോ/ മുറിഞ്ഞതോ/ വ്യാജമോ ആയ കറൻസി നോട്ട്(കൾ) ലഭിക്കുകയാണെങ്കിൽ, കാർഡ് ഉടമ ബ്രാഞ്ച് സന്ദർശിക്കുകയും ഒരു കത്തും ഇടപാട് സ്ലിപ്പും സമർപ്പിച്ചും താൻ എടിഎമ്മിൽ ഇടപാട് നടത്തിയെന്ന് സ്ഥിരീകരിച്ചും നോട്ടുകൾ മാറ്റി വാങ്ങേണ്ടതാണ്. മറ്റ് തരത്തിലുള്ള ക്ലെയിമുകളൊന്നും ബാങ്ക് സ്വീകരിക്കുന്നതല്ല.

എടിഎം/ ടെല്ലർ കൗണ്ടർ വഴി കാർഡ് ഉടമ നടത്തുന്ന നിക്ഷേപത്തിൽ വ്യാജമോ/ വികൃതമായതോ/ കീറിയതോ ആയ കറൻസി നോട്ടുകൾ ബാങ്ക് കണ്ടെത്തുകയാണെങ്കിൽ, അത്തരം വ്യാജ/ വികൃതമായ/ കീറിയ കറൻസി നോട്ടുകളുടെ മൂല്യത്തിന് തുല്യമായ ക്രെഡിറ്റ് ബാങ്ക് നൽകുന്നതല്ല. ബാങ്ക് വ്യാജ കറൻസി നോട്ടുകൾ കാർഡ് ഉടമയ്ക്ക് തിരികെ നൽകുകയുമില്ല. എന്നിരുന്നാലും, കാർഡ് ഉടമയുടെ രേഖാമൂലമുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, വികൃതമായ/ കീറിയ കറൻസി നോട്ടുകൾ ബാങ്ക് തിരികെ നൽകും. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരം വ്യാജ/ വികൃതമായ/ കീറിയ കറൻസി നോട്ടുകളെക്കുറിച്ച് അധികാരികളെ അറിയിക്കുന്നതിനായുള്ള എല്ലാ ആവശ്യകതകളും/ മാർഗ്ഗനിർദ്ദേശങ്ങളും ബാങ്ക് പാലിക്കും.

എന്തെങ്കിലും തർക്കമുണ്ടായാൽ, എല്ലാ തർക്കങ്ങളിലും അന്തിമവും നിർണ്ണായകവുമായ തെളിവായി എടിഎമ്മിലെ ഓഡിറ്റ് ട്രയൽ (അച്ചടിച്ചതോ/ മാറ്റം വരുത്താൻ കഴിയാത്തതോ ആയ ഇലക്ട്രോണിക് രൂപം) ബാങ്ക് ഉപയോഗിക്കും. ഓഡിറ്റ് ട്രയലിലെ റെക്കോർഡിംഗുകൾ അംഗീകരിക്കാമെന്ന് കാർഡ് ഉടമ സമ്മതിക്കേണ്ടതാണ്.

കാർഡ് ഉടമയുടെ കാർഡ് മറ്റ് ബാങ്ക് എടിഎമ്മുകളിൽ കുടുങ്ങിപ്പോയാൽ കുടുങ്ങിയ കാർഡ് ബ്ലോക്ക് ചെയ്യുന്നതിനും ഉപഭോക്താവിന് പുതിയ കാർഡ് പകരം നൽകുന്നതിനുമായി ബാങ്കിനെ അറിയിക്കാൻ കാർഡ് ഉടമയോട് നിർദ്ദേശിക്കുന്നു.

k) കെ) ഇടപാട് പരാജയം/ തിരികെ നൽകൽ

വിജയിക്കാത്ത/ പരാജയപ്പെട്ട ഇടപാടുകൾ തിരികെ നൽകുന്നതിനുള്ള(റിവേഴ്സൽ) സമയപരിധിയും നിശ്ചിത സമയപരിധി പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ നൽകേണ്ട നഷ്ടപരിഹാരവും താഴെ പറയുന്നവയാണ്

ക്രമ നമ്പർ	സംഭവത്തിന്റെ വിവരണം	ഓട്ടോ റിവേഴ്സലിനും നഷ്ടപരിഹാരത്തിനുമുള്ള ചട്ടക്കൂട്	
		ഓട്ടോ റിവേഴ്സലിനുള്ള സമയപരിധി	നൽകേണ്ട നഷ്ടപരിഹാരം
മൈക്രോ എടിഎമ്മുകൾ ഉൾപ്പെടെയുള്ള ഓട്ടോമേറ്റഡ് ടെല്ലർ മെഷിനുകൾ (എടിഎമ്മുകൾ)			
a.	**ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യപ്പെട്ടു, എന്നാൽ പണം ലഭിച്ചില്ല.**	**പരാജയപ്പെട്ട ഇടപാട് പരമാവധി ടി + 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പ്രോ–ആക്ടീവ് ആയി തിരികെ നൽകൽ (ആർ).**	**ടി + 5 പ്രവൃത്തി ദിവസങ്ങൾ കഴിഞ്ഞുള്ള ഓരോ ദിവസത്തെ വൈകലിനും 100/ രൂപ വീതം അക്കൗണ്ട് ഉടമയ്ക്ക് ക്രെഡിറ്റ് ചെയ്യും.**
കാർഡ് ഇടപാട്			
a.	**ക്യാഷ് അറ്റ് പി.ഒ.എസ് ഉൾപ്പെടെയുള്ള പോയിന്റ് ഓഫ് സെയിൽ (പിഒഎസ്) (കാർഡ് നേരിട്ട് ഉപയോഗിച്ച്).** **അക്കൗണ്ടിൽ നിന്ന് പണം ഡെബിറ്റ് ചെയ്യപ്പെട്ടു, എന്നാൽ മർച്ചന്റ് ലൊക്കേഷനിൽ സ്ഥിരീകരണം ലഭിച്ചില്ല, അതായത് ചാർജ്സ്ലിപ്പ് ജനറേറ്റ് ചെയ്തില്ല.**	**ടി + 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഓട്ടോ–റിവേഴ്സൽ.**	**ടി + 5 പ്രവൃത്തി ദിവസങ്ങൾ കഴിഞ്ഞുള്ള ഓരോ ദിവസത്തെ വൈകലിനും രൂ. 100/**
b.	**കാർഡ് നേരിട്ട് ഉപയോഗിക്കാത്ത ഇടപാടുകൾ (സിഎൻപി) (ഇ–കൊമേഴ്സ്)** **അക്കൗണ്ടിൽ നിന്ന് പണം ഡെബിറ്റ് ചെയ്യപ്പെട്ടു, എന്നാൽ മർച്ചന്റ് സിസ്റ്റത്തിൽ സ്ഥിരീകരണം ലഭിച്ചില്ല.**		

കൂടുതൽ വിവരങ്ങൾക്കും ഏറ്റവും പുതിയ ബാധകമായ ചട്ടക്കൂടിനുമായി, ഉപഭോക്താവിന് ബാങ്കിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ബാങ്കിന്റെ കസ്റ്റമർ കോംപെൻസേഷൻ പോളിസി പരിശോധിക്കാവുന്നതാണ്.

l) **ഒരു ഉപഭോക്താവിന്റെ പരിമിതമായ ബാധ്യത**

എ) ഉപഭോക്താവിന്റെ പൂജ്യം ബാധ്യത

അനധികൃത ഇടപാട് താഴെ പറയുന്ന സാഹചര്യങ്ങളിൽ ആണ് നടക്കുന്നതെങ്കിൽ ഉപഭോക്താവിന്റെ ബാധ്യത പൂജ്യം ആയിരിക്കും.

ധ. ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന തട്ടിപ്പ്/ അശ്രദ്ധ/ വീഴ്ച (ഇടപാടിനെക്കുറിച്ച് ഉപഭോക്താവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ).

ധധ. ബാങ്കിന്റെയോ ഉപഭോക്താവിന്റെയോ ഭാഗത്തല്ലാതെ സിസ്റ്റത്തിൽ മറ്റെവിടെയെങ്കിലും സംഭവിക്കുന്ന വീഴ്ച മൂലമുള്ള തേർഡ് പാർട്ടി ലംഘനം; ഇത്തരം അനധികൃത ഇടപാടിനെക്കുറിച്ച് ബാങ്കിൽ നിന്നുള്ള സന്ദേശം ലഭിച്ച് മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഉപഭോക്താവ് ബാങ്കിനെ വിവരം അറിയിച്ചിരിക്കണം.

(ബി) ഒരു ഉപഭോക്താവിന്റെ പരിമിതമായ ബാധ്യത

താഴെ പറയുന്ന സാഹചര്യങ്ങളിൽ അനധികൃത ഇടപാടുകൾ മൂലമുണ്ടാകുന്ന നഷ്ടത്തിന് ഉപഭോക്താവ് ബാധ്യസ്ഥനായിരിക്കും:

ധ. ഉപഭോക്താവിന്റെ അശ്രദ്ധ മൂലമുണ്ടാകുന്ന നഷ്ടം, പേയ്മെന്റ് വിവരങ്ങൾ മറ്റൊരാളുമായി പങ്കുവെക്കുന്നത് പോലുള്ളവ വഴി, ഇത്തരം അനധികൃത ഇടപാട് ബാങ്കിൽ റിപ്പോർട്ട് ചെയ്യുന്നത് വരെയുള്ള മുഴുവൻ നഷ്ടവും ഉപഭോക്താവ് തന്നെ വഹിക്കേണ്ടി വരും. റിപ്പോർട്ട് ചെയ്തതിന് ശേഷം സംഭവിക്കുന്ന ഏതൊരു നഷ്ടവും ബാങ്ക് വഹിക്കുന്നതാണ്.

ധധ. അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടിന്റെ ഉത്തരവാദിത്തം ബാങ്കിന്റെയോ ഉപഭോക്താവിന്റെയോ ഭാഗത്തല്ലാതെ സിസ്റ്റത്തിൽ മറ്റെവിടെയെങ്കിലും ആവുകയും, അത്തരം ഇടപാടിനെക്കുറിച്ച് ബാങ്കിൽ നിന്നുള്ള സന്ദേശം ലഭിച്ച ശേഷം ബാങ്കിനെ വിവരം അറിയിക്കുന്നതിൽ ഉപഭോക്താവിന്റെ ഭാഗത്ത് നിന്ന് താമസം (നാല് മുതൽ ഏഴ് വരെ പ്രവൃത്തി ദിവസങ്ങൾ) ഉണ്ടാവുകയും ചെയ്താൽ, ഒരു ഇടപാടിൽ ഉപഭോക്താവിനുണ്ടാകുന്ന ബാധ്യത എന്നത് ഇടപാട് തുക അല്ലെങ്കിൽ ടേബിൾ 1–ൽ സൂചിപ്പിച്ചിരിക്കുന്ന തുക, ഇതിൽ ഏതാണോ കുറവ് അത് മാത്രമായി പരിമിതപ്പെടുത്തും.

ടേബിൾ 1
ഖണ്ഡിക 2 കെ) (ബി) (ധധ) പ്രകാരം ഒരു ഉപഭോക്താവിന്റെ പരമാവധി ബാധ്യത

അക്കൗണ്ട് തരം	പരമാവധി ബാധ്യത ( )
• ബി.എസ്.ബി.ഡി അക്കൗണ്ടുകൾ	5,000
• മറ്റെല്ലാ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ • പ്രീ–പെയ്ഡ് പേയ്മെന്റ് ഇൻസ്ട്രുമെന്റുകളും ഗിഫ്റ്റ് കാർഡുകളും • എം.എസ്.എം.ഇ കളുടെ കറന്റ്/ ക്യാഷ് ക്രെഡിറ്റ്/ ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾ • പ്രതിവർഷ ശരാശരി ബാലൻസ് (തട്ടിപ്പ് നടന്നതിന് തൊട്ടുമുമ്പുള്ള 365 ദിവസത്തെ) പരിധി 25 ലക്ഷം രൂപ വരെയുള്ള വ്യക്തികളുടെ കറന്റ്/ ക്യാഷ് ക്രെഡിറ്റ്/ ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾ • 5 ലക്ഷം രൂപ വരെ പരിധിയുള്ള ക്രെഡിറ്റ് കാർഡുകൾ	10,000
• മറ്റെല്ലാ കറന്റ്/ ക്യാഷ് ക്രെഡിറ്റ്/ ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾ • 5 ലക്ഷം രൂപയ്ക്ക് മുകളിൽ പരിധിയുള്ള ക്രെഡിറ്റ് കാർഡുകൾ	25,000

കൂടാതെ, റിപ്പോർട്ട് ചെയ്യുന്നതിലെ താമസം ഏഴ് പ്രവൃത്തി ദിവസങ്ങൾക്ക് അപ്പുറമാണെങ്കിൽ, ഉപഭോക്താവിന്റെ ബാധ്യത ബാങ്കിന്റെ ബോർഡ് അംഗീകരിച്ച പോളിസി അനുസരിച്ചായിരിക്കും തീരുമാനിക്കുന്നത്.

c) ഉപഭോക്താവിന്റെ പൂജ്യം ബാധ്യത/ പരിമിതമായ ബാധ്യത എന്നിവയുടെ റിവേഴ്സൽ സമയപരിധി

ഉപഭോക്താവ് വിവരമറിയിച്ചാൽ, അത്തരം അനധികൃത ഇലക്ട്രോണിക് ഇടപാടിൽ ഉൾപ്പെട്ട തുക ഉപഭോക്താവ് അറിയിച്ച തീയതി മുതൽ 10 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ബാങ്ക് ഉപഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് (ഷാഡോ റിവേഴ്സൽ) ചെയ്യേണ്ടതാണ് (ഇൻഷുറൻസ് ക്ലെയിം സെറ്റിൽമെന്റിനായി കാത്തുനിൽക്കാതെ തന്നെ). ഉപഭോക്താവിന്റെ അശ്രദ്ധ മൂലമുള്ള അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകളിൽ പോലും, ഉപഭോക്താവിന്റെ ബാധ്യത ഒഴിവാക്കാൻ ബാങ്കിന് സ്വന്തം വിവേചനാധികാരത്തിൽ തീരുമാനിക്കാവുന്നതാണ്. റിപ്പോർട്ട് ചെയ്യപ്പെട്ട അനധികൃത ഇടപാടിന്റെ മൂല്യമായിരിക്കും ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക.

3. **നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഭേദഗതി:**

ബാങ്കിന് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ ഈ രേഖയിലെ ഏതൊരു നിബന്ധനയും മാറ്റാൻ കഴിയും. എന്നിരുന്നാലും, ചാർജുകളിലോ അവയുടെ നിബന്ധനകളിലോ വരുത്തുന്ന ഏതൊരു ഭേദഗതിയും ഉപഭോക്താവിന് 30 ഓ അതിൽ കൂടുതലോ ദിവസം മുൻകൂർ നോട്ടീസ് നൽകിയതിന് ശേഷം മാത്രമേ നടപ്പിലാക്കുകയുള്ളൂ. ഡയറക്ട് മെയിലറുകൾ, ഇലക്ട്രോണിക്, പ്രിന്റ് സ്റ്റേറ്റ്മെന്റുകൾ, ഇ–മെയിലറുകൾ, എസ്എംഎസുകൾ എന്നിവയുൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള ഒന്നിലധികം ആശയവിനിമയ മാർഗങ്ങളിലൂടെ ഇത്തരം മാറ്റങ്ങൾ ഉപഭോക്താവിനെ അറിയിക്കുന്നതാണ്. ഇതിന് പുറമെ ബാങ്കിന്റെ വെബ്സൈറ്റിലും കാലാകാലങ്ങളിൽ ഇവ അപ്ഡേറ്റ് ചെയ്യും.

30 ദിവസത്തെ നോട്ടീസ് കാലയളവ് കഴിഞ്ഞിട്ടും കാർഡ് ഉടമ തന്റെ സമ്മതം പിൻവലിച്ചില്ലെങ്കിൽ, അവർ നിബന്ധനകൾ അംഗീകരിച്ചതായി കണക്കാക്കപ്പെടും.

4. ഭരണനിയമവും നിയമപരമായ അധികാരപരിധിയും

നിബന്ധനകളും വ്യവസ്ഥകളും, അല്ലെങ്കിൽ ബാങ്കിലുള്ള അക്കൗണ്ടുകളുടെ പ്രവർത്തനമോ അല്ലെങ്കിൽ ബാങ്ക് അതിന്റെ ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങളോ റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെ മാത്രം നിയമങ്ങൾ പാലിച്ചായിരിക്കും നിയന്ത്രിക്കപ്പെടുന്നത്. ഏതെങ്കിലും തർക്കങ്ങൾ/ ക്ലെയിമുകൾ/ പ്രശ്നങ്ങൾ എന്നിവ മുംബൈയുടെ അധികാരപരിധിയിലുള്ള കോടതികളിൽ/ ട്രൈബ്യൂണലുകളിൽ ഹാജരാക്കേണ്ടതാണ്. ഏതു ഉപഭോക്താവിനെതിരെയും ഏതെങ്കിലും കോടതികളിൽ/ ട്രൈബ്യൂണലുകളിൽ/ അതോറിറ്റികളിൽ നടപടികൾ ആരംഭിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്, കൂടാതെ ഉപഭോക്താവ് ഈ അധികാരപരിധി അംഗീകരിക്കുകയും ചെയ്യുന്നു

ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഏതെങ്കിലും ഭാഗം നിയമപരമായി നിലനിൽക്കാത്തതോ/ നടപ്പിലാക്കാൻ കഴിയാത്തതോ/ നിരോധിതമോ ആയിത്തീരുകയാണെങ്കിൽ, അത്തരം അപ്രായോഗികത പ്രസ്തുത വ്യവസ്ഥയ്ക്ക് മാത്രമായിരിക്കും ബാധകം, അത് ശേഷിക്കുന്ന വ്യവസ്ഥകളെ അസാധുവാക്കുന്നതല്ല.